**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1224

21.3.2013 ൽ മറുപടിയ്ക്ക്

## അരിവില വർദ്ധനവ് തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) : | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് അരിവില വർദ്ധനവ് തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; <br> ബി) പ്രസ്തുത നടപടികളുടെ ഭാഗമായി വിപണിയിൽ അരിവില കുറഞ്ഞിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ; | എ) & ബി) <br> സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടൽ മൂലം പൊതുവിപണിയിൽ ഉണ്ടാകുന്ന അരി വില വർദ്ധനവ് ഒരു. പരിധി വരെ നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ബി.പി.എൽ /എ.എ.വൈ കാർഡുടമകൾക്ക് പ്രതിമാസം യഥാക്രമം 25 കി.ഗ്രാം, 35 കി.ഗ്രാം എന്ന കണക്കിൽ അരി ഒരു രൂപ നിരക്കിലും എ.പി. എൽ വിഭാഗത്തിൽപ്പെട്ട 42 ലക്ഷത്തോളം പേർക്ക് രണ്ട് രൂപ നിരക്കിൽ 9 കി.ഗ്രാം അരി വിതരണം ചെയ്തു വരുന്നു. കൂടാതെ പ്രത്യേക വിഹിതമായി ബി.പി.എൽ വിഭാഗത്തിന് 132725 മെ.ടൺ അരി കേന്ദ്രം അനുവദിച്ചിട്ടുണ്ട്. അരി വില പൊതുവിപണിയിൽ വർദ്ധിച്ചതു മൂലം പൊതുജനങ്ങളുടെ ബുദ്ധിമുട്ട് കഴിവതും ഒഴിവാക്കാൻ വേണ്ടി 1300 -ഓളം സപ്ലൈകോ വിൽപ്പനശാലകൾ വഴി പ്രതിമാസം മട്ട അരി - 16 രൂപ , ജയ അരി - 21 രൂപ, കുറുവ അരി - 19 രൂപ, പച്ചരി - 16 രൂപ എന്നീ കണക്കിൽ കാർഡ് ഒന്നിന് 20 കി.ഗ്രാം അരി വീതം വിതരണം ചെയ്യുന്നുണ്ട്. ഇതു കൂടാതെ ഒ.എം.എസ്.എസ് പ്രകാരം പുഴുക്കലരി 19.50 രൂപ, പച്ചരി 21 രൂപ നിരക്കിലും വിതരണം ചെയ്യുന്നു. ഇങ്ങനെ വിതരണം ചെയ്യുന്നതുമൂലം പൊതുവിപണിയിൽ അരിയുടെ വില ക്രമാതീതമായി ഉയരുന്നത് നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. |
| സി) സംസ്ഥാനത്തെ വിപണിയിൽ എത്ര വിലയ്ക്കാണ് നിലവിൽ അരി ലഭിക്കുന്നതെന്ന് അറിയിക്കുമോ ? | സി) സംസ്ഥാനത്തെ വിപണിയിലെ 2013 മാർച്ച് മാസത്തെ, അരിവില ചുവടെ ചേർക്കുന്നു. |

| | |
|---|---|
| മട്ട അരി | 36 രൂപ/കി.ഗ്രാം |
| ചമ്പ അരി | 35 രൂപ/കി.ഗ്രാം |
| റോസ് അരി | 41 രൂപ/കി.ഗ്രാം |
| ആന്ധ്ര വെള്ള അരി | 31 രൂപ/കി.ഗ്രാം |

Beena

സെക്ഷൻ ഓഫീസർ